# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3295. 19.10.2016 ലെ മറുപടിയ്ക്ക്.

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വായ്പാ തിരിച്ചടവ്

**ചോദ്യം**
**ശ്രീ. കെ. ഡി. പ്രസേനൻ.**

**ഉത്തരം**
**ശ്രീ. എ. കെ. ബാലൻ**
പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ വായ്പാ തിരിച്ചടവിന് കഴിയാതെ കഷ്ടതയനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഇവരുടെ വായ്പാ കുടിശ്ശിക എഴുതിത്തള്ളാനുള്ള പദ്ധതി നിലവിലുണ്ടോ ; | (ബി) | ഉണ്ട് |
| (സി) | ഉണ്ടെങ്കിൽ എത്ര തുകവരെയുള്ള വായ്പകളാണ് എഴുതിത്തള്ളുന്നത് ; നിബന്ധനകൾ വിശദീകരിക്കുമോ ? | (സി) | പട്ടികജാതി വിഭാഗക്കാർക്ക് കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും 31.03.2010 ന് തിരിച്ചടവ് കാലാവധി പൂർത്തിയായതുമായ വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ ഒരു ലക്ഷം രൂപ വരെ എഴുതി തള്ളുന്ന പദ്ധതി നിലവിലുണ്ട്. 30.03.2015 ലെ സ.ഉ. (അച്ചടി) 24/2015/പജപവവിവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അപേക്ഷ കരുടെ വരുമാന പരിധി 1,50,000/- രൂപയ്ക്ക് താഴെയായിരിക്കണം. ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ കുടിശ്ശികയുള്ള തുക അപേക്ഷകൻ നേരിട്ട് ഒടുക്കേണ്ടതാണ്.<br><br>സംസ്ഥാനത്തെ പട്ടിക വർഗ്ഗക്കാർ വിവിധ സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, ദേശസാൽകൃത ബാങ്കുകൾ, പട്ടികജാതി / പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ, കുടുംബശ്രീ യൂണിറ്റുകൾ |

| | | | |
|---|---|---|---|
| | | | എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും. 01.04.2014 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശികയായതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾ (മുതലും പലിശയും, പിഴപലിശയും മറ്റ് ചെലവുകൾ ഉൾപ്പെടെ) എഴുതിത്തള്ളുന്ന പദ്ധതി നിലവിലുണ്ട്. പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സർക്കാർ ഉത്തരവ് (അച്ചടി) നം. 71/15/പജപവവിവ തീയതി. 01.10.2015 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**